**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3768** **15-07-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം നൽകുവാൻ മുന്നോട്ടുവന്നിട്ടുള്ള അന്താരാഷ്ട്ര ഏജൻസികൾ ഏതൊക്കെയാണെന്നും അവർ മുന്നോട്ടുവയ്ക്കുന്ന പലിശ നിരക്കും വായ്പാ നിബന്ധനകളും എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ്, പദ്ധതി വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് സമർപ്പിച്ചതിനു ശേഷം മാത്രമേ ഔദ്യോഗിക തലത്തിൽ വിശദമായ ചർച്ചകൾ ഉണ്ടാവുകയുള്ളൂ. അത്തരം ചർച്ചകളിൽ മാത്രമേ വായ്പ നിബന്ധനകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വ്യക്തമാവുകയുള്ളൂ. |
| (ബി) | ഇന്ത്യൻ ഭരണഘടനയുടെ 293-ാം വകുപ്പ് അനുസരിച്ച് ഒരു സംസ്ഥാനത്തിന് വിദേശ വായ്പ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഗ്യാരണ്ടി ആവശ്യമാണെന്നിരിക്കെ പ്രസ്തുത അന്താരാഷ്ട്ര ഏജൻസികളുമായി ചർച്ച നടത്തുന്നതിന് മുൻപ് കേന്ദ്ര സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച ഉറപ്പ് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സിൽവർ ലൈൻ പദ്ധതിയ്ക്കായി വിദേശവായ്പ എടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പിൽ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദേശവായ്പയുള്ള നടപടിക്രമങ്ങൾ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് വഴിയാണ് പൂർത്തിയാക്കുന്നത്. അത്തരം നടപടിക്രമങ്ങളുടെ ഭാഗമായുള്ള സാമ്പത്തിക കാര്യ വകുപ്പിന്റെ സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗിൽ സംസ്ഥാന സർക്കാരിന്റെ വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട ഉറപ്പ് നൽകിയിട്ടുണ്ട്. ഈ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി വായ്പയ്ക്ക് ലഭ്യമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | സിൽവർ ലൈൻ പദ്ധതിയ്ക്കായുള്ള വിദേശ വായ്പക്കായി കേന്ദ്ര ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | കേന്ദ്ര റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വിഭാഗങ്ങൾ പദ്ധതിക്ക് വിദേശവായ്പ പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ